**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4728** **29-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന സാംസ്കാരിക നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലകളിൽ കിഫ്ബി മുഖേന സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി ധനസഹായത്തോടെയാണ് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. തുടർന്നുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിയ്ക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിൻെറ പ്രോജക്റ്റ് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ ഭൂമി ജില്ലാ ഭരണകൂടത്തിൻെറ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ കണ്ടെത്തുവാനുള്ള ശ്രമം നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ഈ ചെലവുകളെന്നും ജില്ലതിരിച്ച് വിശദാംശം നൽകുമോ? | (ബി) | കിഫ്ബി മുഖേന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയ്ക്കായി ഇതുവരെ 43.98 കോടി രൂപ ചെലവഴിച്ചു. ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ വിശദ-വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | ജില്ല | ഇനം | ചെലവഴിച്ച രൂപ. |
|---|---|---|---|
| 1 | തിരുവനന്തപുരം | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 2.05 ലക്ഷം |
| | | പ്രോജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 2. | കൊല്ലം | കോൺട്രാക്ടർക്ക് നല്കിയ തുക | 10.03 കോടി |
| | | ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നല്കിയ തുക | 39.04 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 27.50 ലക്ഷം |
| | | പ്രോജക്റ്റ് മാനേജുമെന്റ കൺസൾട്ടന്റിന് നല്കിയ തുക | 22.22 ലക്ഷം |
| 3. | പത്തനംതിട്ട | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക. | 2.05 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 4. | ആലപ്പുഴ | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 8.21 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 5. | എറണാകുളം | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 2.05 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 6. | ഇടുക്കി | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 2.05 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 7. | കോട്ടയം | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 8.21 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |

| | | | |
|---|---|---|---|
| | | ഭൂമി ഏറ്റെടുക്കുന്നതിനായി ഇപ്പോൾ ചെല വായ തുക | 19.35 ലക്ഷം |
| 8. | തൃശ്ശൂർ | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിക്ക് നല്കിയ തുക. | 8.21 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 9. | പാലക്കാട് | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിക്ക് നല്കിയ തുക. | 39.04 ലക്ഷം |
| | | കോൺട്രാക്ടർക്ക് നല്കിയ തുക | 13.78 കോടി |
| | | പ്രൊജക്റ്റ് മാനേജുമെന്റ് കൺസൾട്ടന്റിന് നല്കിയ തുക | 25.42 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 27.50 ലക്ഷം |
| 10. | മലപ്പുറം | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക. | 24.65 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 11. | വയനാട് | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 2.05 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 12 | കോഴിക്കോട് | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക | 2.05 ലക്ഷം |
| | | ഭൂമി ഏറ്റെടുക്കുന്നതിനായി ഇപ്പോൾ ചെല വായ തുക | 50.00 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിൽ ചെലവായ തുക | 2.50 ലക്ഷം |
| 13 | കണ്ണൂർ | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക. | 24.65 ലക്ഷം |
| | | ഭൂമി ഏറ്റെടുക്കുന്നതിനായി ഇപ്പോൾ ചെല വായ തുക | 5.85 കോടി |
| 14 | കാസർഗോഡ് | ഡി.പി.ആർ.തയ്യാറാക്കുന്നതിനായി നല്കിയ തുക. | 39.04 ലക്ഷം |
| | | കോൺട്രാക്ടർക്ക് നല്കിയ തുക | 9.80 കോടി |

| | | | |
|---|---|---|---|
| | | പ്രൊജക്റ്റ് മാനേജുമെന്റ് യൂണിറ്റിലെ ചെലവുകൾ | 27.50 ലക്ഷം |
| | | പ്രൊജക്റ്റ് മാനേജുമെന്റ് കൺസൽട്ടന്റിന് നല്കിയ തുക | 24.50 ലക്ഷം |